# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 838 30.01.2019 ൽ മറുപടിയ്ക്ക്

### സാമൂഹിക വനവൽക്കരണത്തിന് തൈകളുടെ ഉൽപാദനം

| ചോദ്യം<br>ശ്രീ. കെ.സി.ജോസഫ് | | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷം എത്ര തൈകളാണ് ഉല്പാദിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | 2018-19 സാമ്പത്തിക വർഷത്തിൽ സാമൂഹിക വനവൽക്കരണ വിഭാഗം 81.1 ലക്ഷം തൈകൾ ഉത്പാദിപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത തൈകൾ ഉല്പാദിപ്പിക്കുന്നതിന് പ്ലാസ്റ്റിക് കവറുകളാണോ ഉപയോഗിച്ചത്; അവ പരിസ്ഥിതിക്ക് ദോഷകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | തൈകൾ ഉത്പാദിപ്പിക്കുവാൻ ബദൽ മാർഗ്ഗങ്ങൾ ലഭ്യമല്ലാത്തതിനാൽ പ്ലാസ്റ്റിക് കവറുകളാണ് ഉപയോഗിച്ചിട്ടുള്ളത്. |
| (സി) | എങ്കിൽ പരിസ്ഥിതി സൗഹൃദമായ എന്ത് ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | പരിസ്ഥിതി സൗഹൃദവും ചെലവു കുറഞ്ഞതുമായ ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തുവാനുള്ള തീവ്രശ്രമങ്ങൾ നടത്തിവരികയാണ്. |
| (ഡി) | ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്ലാസ്റ്റിക് പൂർണ്ണമായു ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | പരിസ്ഥിതി സൗഹൃദവും ചെലവു കുറഞ്ഞതുമായ ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തിയാൽ, പ്ലാസ്റ്റിക് പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ